**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് - ഓഖി ദുരിത ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിന് ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1471/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 29/05/2018

പരാമർശം:- വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/05/2018 ലെ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഖി ദുരിത ബാധിത പ്രദേശങ്ങളിൽ ഡിസംബർ മാസം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ തുക 49,700/- ഉം ജനുവരിയിലെ 80,500/-ഉം തുടർന്ന് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യേണ്ടിവരുന്ന തുക ആകെ ഏകദേശം 5,00,000/- (അഞ്ച് ലക്ഷം) രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഓഖി ദുരിത ബാധിത പ്രദേശങ്ങളിൽ 2017 ഡിസംബർ മാസം മുതൽ 2018 മെയ് മാസം വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിനായി ചെലവഴിക്കുന്ന 5,00,000/- (അഞ്ച് ലക്ഷം) രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി, വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത്, വാടാനപ്പള്ളി.പി.ഒ, തൃശ്ശൂർ 680614
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ